# Deepika

## 23 August 2018

## Thrissur : Heavy rain, Flood relief fund



### മഴക്കെടുതിക്കു കൈത്താങ്ങായി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ രണ്ടു കോടി

**തൃശൂർ:** കേരള സർക്കാരിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് രണ്ടു കോടി രൂപ നല്കും. ഇതിനു പുറമെ ഒരു സാമൂഹിക ഉദ്യമമെന്ന നിലയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ ഒരു ദിവസത്തെ വേതനത്തിൽനിന്നും ഒരു കോടി രൂപ കൂടെ നല്കാൻ പദ്ധതിയുണ്ട്.

കഴിഞ്ഞ കുറച്ചു ദിവസങ്ങളായി വിവിധ ശാഖകളിലെ ജീവനക്കാർ സ്വമേധയാ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ജില്ലാ നേതൃത്വത്തിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു കൂട്ടാവുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ പൊതുജനങ്ങൾക്കുവേണ്ടി നിസ്വാർഥം പ്രവർത്തിച്ച ജീവനക്കാരെ ബാങ്ക് മാനേജ്മെന്റ് പ്രത്യേകം അനുമോദിക്കുകയും പ്രളയദുരന്ത ബാധിതരായ ജീവനക്കാർക്കുള്ള സഹായങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. ബാങ്കിന്റെ പ്രളയബാധിതമായ ശാഖകളുടെ കൂടെ സഹകരിച്ച എല്ലാ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട അധികാരികൾക്കും കൃതജ്ഞത രേഖപ്പെടുത്തി.

ബാങ്കിന്റെ വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളെല്ലാം കൊച്ചിയിലാണ്. കേരളത്തിനകത്തും പുറത്തുമുള്ള മിക്ക ശാഖകളും കൊച്ചിയിലെ പ്രതികൂല സാഹചര്യത്തിനിടയിലും ബംഗളൂരു ആസ്ഥാനമായുള്ള ഡിസാസ്റ്റർ റിക്കവറി സെന്റർ മുഖേന പ്രവർത്തിച്ചു. അതുകൊണ്ടുതന്നെ കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിനിടയിലും ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങൾ വിദേശ ഭാരതീയർ ഉൾപ്പെടെയുള്ള ഇടപാടുകൾക്കു തടസമില്ലാതെ ഉപയോഗിക്കാൻ സാധിച്ചു.

### കേരളത്തിനു നല്കിയ 89,540 ടൺ അരി സൗജന്യം: കേന്ദ്ര ഭക്ഷ്യമന്ത്രി പസ്വാൻ

**ന്യൂഡൽഹി:** ദുരിത കാലത്ത് കേരളത്തിനു സഹായമായി നല്കിയ 89,540 ടൺ അരി സൗജന്യമാണെന്നു കേന്ദ്ര ഭക്ഷ്യമന്ത്രി റാം വിലാസ് പസ്വാൻ. മറിച്ചുള്ള വാർത്തകൾ അടിസ്ഥാന രഹിതമാണ്. കേരളം ആവശ്യപ്പെട്ടത് അനുസരിച്ച് ഒരു മാസത്തേക്കു അരി സൗജന്യമായി നല്കും. ഇതിനും പണം ഈടാക്കില്ലെന്നും മന്ത്രി ഒരു വാർത്താ ചാനലിനോടു പറഞ്ഞു.

കേരളത്തിന് നല്കിയ അരിക്ക് 233 കോടി രൂപ നല്കണം എന്നാവശ്യപ്പെട്ടു സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് കത്തു നല്കിയിരുന്നു. ഒരു കിലോ അരിക്ക് 25 രൂപ എന്ന നിരക്കിലാണ് 233 കോടി രൂപ കണക്കാക്കിയത്. പണം പിന്നീട് നല്കിയാൽ മതിയെന്നും കത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ, ഇക്കാര്യമാണ് കേന്ദ്ര ഭക്ഷ്യ മന്ത്രി പിന്നീട് തിരുത്തി പറഞ്ഞിരിക്കുന്നത്. ഇപ്പോൾ കേരളത്തിന് നൽകുന്ന അധിക അരിവിഹിതം സൗജന്യമാണെന്ന് പസ്വാൻ വ്യക്തമാക്കിയത്.